REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-07-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മുംബൈ സന്ദർശിക്കും. 29,400 കോടിയിലധികം രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.
- ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന്.
- സംസ്ഥാനത്തിന്റെ വ്യവസായനയത്തിൽ നിർമ്മിത ബുദ്ധി മുൻഗണനാ വിഷയമാക്കി ഗവൺമെന്റ് സമഗ്ര എ.ഐ നയം പ്രഖ്യാപിച്ചു.
- നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച സാഹചര്യത്തിൽ കെയർ ഹോം നടത്തുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്.
- സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ഇന്ത്യ - സിംബാബ്‌വെ നാലാം ട്വന്റി - 20 ക്രിക്കറ്റ് മത്സരം വൈകിട്ട് ഹരാരെയിൽ.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മുംബൈ സന്ദർശിക്കും. ഗോരേഗാവിലെ നെസ്കോ എക്സിബിഷൻ സെന്ററിൽ 29,400 കോടിയിലധികം രൂപയുടെ റോഡ്, റെയിൽവേ, തുറമുഖ**

മേഖലയുമായി ബന്ധപ്പെട്ട ഒന്നിലധികം പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. വൈകിട്ട് ഐഎൻഎസ് ടവേഴ്സ് ഉദ്ഘാടനം ചെയ്യാൻ മോദി ഇന്ത്യൻ ന്യൂസ് സർവീസ് സെക്രട്ടേറിയറ്റ് സന്ദർശിക്കും.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്..........

16,600 കോടി രൂപയുടെ താനെ ബോറിവലി ടണൽ പദ്ധതിക്ക് പ്രധാനമന്ത്രി തറക്കല്ലിടും. താനെ - ബോറിവലി യാത്രയിൽ 12 കിലോമീറ്റർ കുറയ്ക്കുന്നതാണ് തുരങ്കപാത.

6,300 കോടി രൂപയുടെ ഗോരേഗാവ് മുലുന്ദ് ലിങ്ക് റോഡ് പദ്ധതിയുടെ തുരങ്ക നിർമ്മാണത്തിനും പ്രധാനമന്ത്രി തറക്കല്ലിടും. നവി മുംബൈയിലെ തുർഭെയിൽ കല്യാൺ യാർഡ് പുനർനിർമ്മാണത്തിനും ഗതി ശക്തി മൾട്ടി മോഡൽ കാർഗോ ടെർമിനലിനും അദ്ദേഹം തറക്കല്ലിടും.

ലോകമാന്യ തിലക് ടെർമിനസിലെ പുതിയ പ്ലാറ്റ്ഫോമുകളും പ്ലാറ്റ്ഫോം നമ്പർ വിപുലീകരണവും മോദി രാജ്യത്തിന് സമർപ്പിക്കും.

5600 കോടി രൂപ മുതൽമുടക്കി നിർമ്മിച്ച മുഖ്യമന്ത്രി യുവ കാര്യ പ്രതീക്ഷൻ യോജനയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 18-നും 30-നും ഇടയിൽ പ്രായക്കാരായ യുവാക്കൾക്ക് നൈപുണ്യ വർദ്ധനയ്ക്കും വ്യാവസായിക പരിചയത്തിനും അവസരങ്ങൾ നൽകി യുവാക്കളുടെ തൊഴിലില്ലായ്മ

പരിഹരിക്കാൻ ലക്ഷ്യമിടുന്ന പരിവർത്തന ഇന്റേൺഷിപ്പ് പ്രോഗ്രാമാണിത്.

✪✪✪

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ പ്രതിനിധി സംഘം ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു.

കാത്തലിക് ബിഷപ് കോൺഫറൻസ് പ്രസിഡന്റ് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, സിബിസിഐ വൈസ് പ്രസിഡന്റ് ജോസഫ് മാർ തോമസ്, സെക്രട്ടറി ജനറൽ, ആർച്ച് ബിഷപ് അനിൽ ജോസഫ് തോമസ് കൂട്ടോ തുടങ്ങിയവരാണ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

✪✪✪

ഡൽഹി I.I.T-യും പ്രസാർഭാരതിയും സംയുക്തമായി സംഘടിപ്പിക്കുന്ന രണ്ടുദിവസത്തെ റോബോട്ട് മത്സരം - ഡിഡി റോബോകോണിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. രാജ്യത്തെ 45-ലേറെ കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമായി 750 ലേറെ വിദ്യാർത്ഥികൾ പങ്കെടുക്കും. നിശ്ചിത സമയത്തിനകം സങ്കീർണമായ പ്രവർത്തനങ്ങൾ റോബോട്ടുകളെക്കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് മത്സരം. വിജയിക്കുന്ന ടീം വിയറ്റ്നാമിൽ നടക്കുന്ന അന്താരാഷ്ട്ര ഏഷ്യ-പസഫിക് ബ്രോഡ്കാസ്റ്റിങ്

യൂണിയൻ റോബോകോണിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യും.

എൻജിനീയറിങ് വിദ്യാർഥികൾക്കിടയിൽ സാങ്കേതിക നൈപുണ്യ വികസനം, നൂതനാശയങ്ങൾ, സംഘം ചേർന്ന് പ്രവർത്തനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും റോബോട്ടിക്സ് മേഖലയിലെ അവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുമാണ് മത്സരം സംഘടിപ്പിക്കുന്നതെന്ന് ഡൽഹി ഐഐടി വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

ആഗോള പ്രതിബന്ധങ്ങൾക്കിടയിലും രാജ്യം സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്ക് മുന്നേറുകയാണെന്ന് നിതി ആയോഗ് വ്യക്തമാക്കി. 2023-24 വർഷത്തെ ഇന്ത്യയുടെ സുസ്ഥിര വികസന സൂചിക നിതി ആയോഗ് പുറത്തിറക്കി. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നത് സംബന്ധിച്ച് ദേശീയ-പ്രാദേശിക പുരോഗതി കാണിക്കുന്ന സൂചികയാണിത്. 2018-ൽ 57 എന്നതിൽനിന്ന് 2020-21-ൽ 66 ആയി ഉയർന്ന പുരോഗതി സൂചിക നിലവിൽ 71ലേക്ക് ഉയർന്നതായി നിതി ആയോഗ് സി.ഇ.ഒ BVR സുബ്രഹ്മണ്യം പറഞ്ഞു.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കണ്ണൂർ ജില്ലയിൽ സന്ദർശനം നടത്തും.

ഇരിട്ടിയിൽ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പദവി പ്രഖ്യാപന ചടങ്ങിൽ

പങ്കെടുത്ത ശേഷം വൈകീട്ട് അദ്ദേഹം കണ്ണൂർ പയ്യാമ്പലത്തെ മാരാർജി സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് BJP ജില്ലാ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. നാളെ ജോർജ്ജ് കുര്യൻ കോഴിക്കോട്ട് BJP പ്രവർത്തകർ ഒരുക്കുന്ന സ്വീകരണ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ സീറ്റുകളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന് നടക്കും. പശ്ചിമ ബംഗാളിലെ റായ്ഗഞ്ച്, രണഘട്ട് ദക്ഷിണ്, ബാഗ്ദ, മണിക്തല, ഹിമാചൽ പ്രദേശിലെ ഡെഹ്റ, ഹാമിർപൂർ, നലഗഡ്, ഉത്തരാഖണ്ഡിലെ ബദരീനാഥ്, മംഗ്ലൂർ; ബിഹാറിലെ രൂപൗലി, മധ്യപ്രദേശിലെ അമർവാര, തമിഴ്നാട്ടിലെ വിക്രവണ്ടി, പഞ്ചാബിലെ ജലന്ധർ വെസ്റ്റ് എന്നിവിടങ്ങളിൽ ബുധനാഴ്ചയായിരുന്നു വോട്ടെടുപ്പ്.

✪✪✪

സംസ്ഥാനത്തിന്റെ വ്യവസായനയത്തിൽ നിർമ്മിത ബുദ്ധി മുൻഗണനാ വിഷയമാക്കി സംസ്ഥാന ഗവൺമെന്റ് സമഗ്ര എ.ഐ നയം പ്രഖ്യാപിച്ചു. കൊച്ചിയിൽ KSIDC സംഘടിപ്പിച്ച ജെനറേറ്റീവ് എ.ഐ കോൺക്ലേവിന്റെ സമാപന സമ്മേളനത്തിൽ മന്ത്രി P. രാജീവാണ് നയം പ്രഖ്യാപിച്ചത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

............വോയ്സ്.........

ഗ്രാഫിക്സ് പ്രൊസസിംഗ് സെന്ററുകൾ, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളടങ്ങുന്ന എ ഐ ക്ലസ്റ്റർ വ്യവസായപാർക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുമെന്ന് നയത്തിൽ പറയുന്നു.

നിർമിതബുദ്ധി മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ പങ്കാളിത്ത മൂലധനത്തിന് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകും. AI സാങ്കേതികവിദ്യ ഏർപ്പെടുത്തുന്ന നിലവിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ഈ സഹായം ലഭിക്കും.

എ ഐ സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, ഗവൺമെന്റ് ഏജൻസികൾ എന്നിവയെ സംയോജിപ്പിച്ച് ടെക്നോളജി സംഘങ്ങൾക്ക് രൂപം നൽകും.

ടൂറിസം, ആരോഗ്യം, ഐടി രംഗങ്ങൾ AI അധിഷ്ഠിതമാക്കും. ഗവൺമെന്റ് പദ്ധതി നിർവഹണത്തിലും നിർമിതബുദ്ധിയുടെ ഉപയോഗം വ്യാപകമാക്കും.

വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് AI-യിൽ നൈപുണ്യ പരിശീലനം നൽകുമെന്നും നയത്തിൽ പറയുന്നു.

✪✪✪

കേരളത്തിന്റെ വികസനത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വഹിച്ച പങ്ക് നിസ്തുലമാണെന്ന് ഗവർണർ

ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. ചാലക്കുടി നിയോജക മണ്ഡലത്തിലെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്വരൂപിച്ച സ്കോളർഷിപ്പിന്റെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു ഗവർണർ.

✪✪✪

സംസ്ഥാനത്ത് കുട്ടികളുടേയും മുതിർന്നവരുടേയും കെയർ ഹോം നടത്തുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്ഥിതി അവലോകനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പ്രദേശത്ത് കോളറ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

നിലവിൽ രോഗം ബാധിച്ചവരെ ഐരാണിമുട്ടത്തെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ച് ചികിത്സ ഉറപ്പാക്കിയിട്ടുണ്ടെന്നും വീണാ ജോർജ് പറഞ്ഞു. പുതിയ ക്ലസ്റ്ററുകൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കാനും നിരീക്ഷണം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

✪✪✪

മഴക്കാലത്ത് പകർച്ചവ്യാധികളെ പ്രതിരോധിക്കുക എന്നത് വളരെ പ്രധാനമാണെന്നും മാലിന്യ സംസ്കരണം കൊതുകുനശീകരണം തുടങ്ങിയ കാര്യങ്ങളിൽ ഓരോ കുടുംബവും വ്യക്തികളും ഇടപെടൽ നടത്തണമെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു. ജില്ലയിലെ ദുരന്തനിവാരണ

പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും വിലയിരുത്താൻ പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

മഞ്ഞപ്പിത്തത്തെ തുടർന്ന് ചികിത്സയിലായിരുന്ന അധ്യാപകൻ മരിച്ചു, നിലമ്പൂർ ഗവ: മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഗണിത വിഭാഗം അധ്യപകനും, കൊല്ലം ഈസ്റ്റ് കല്ലട സ്വദേശിയുമായ അജിഷ് ആണ് മരിച്ചത്.

✪✪✪

അറബിക്കടലിൽ പുതിയതായി രൂപംകൊണ്ട ന്യൂനമർദ്ദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മിക്ക ജില്ലകളിലും ശക്തമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയാണ് ന്യൂനമർദ്ദ പാത്തി സ്ഥിതിചെയ്യുന്നത്.

അതിശക്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ

കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

നിലമ്പൂർ ആഢ്യൻപാറ കാഞ്ഞിരപുഴയിൽ പെട്ടെന്നുണ്ടായ മലവെള്ളപാച്ചിലിൽ പന്തീരായിരം വനത്തിൽ കുടുങ്ങിയ മൂന്ന് പേരെ നീണ്ട പരിശ്രമത്തിനൊടുവിൽ അഗ്നിരക്ഷാ സേനയും പൊലിസും നാട്ടുകാരും ചേർന്ന് രാത്രി രക്ഷപ്പെടുത്തി. ആഢ്യൻപാറ പവർഹൗസ് കാണാൻ എത്തിയ ആറംഗ സംഘത്തിൽപ്പെട്ട ചുങ്കത്തറ സ്വദേശികളാണ് വനത്തിൽ കുടുങ്ങിയത്. ഇന്നലെ വൈകീട്ട് 6 മണിയോടെയാണ് മലവെള്ളപ്പാച്ചിലുണ്ടായത്.

✪✪✪

മണിയാർ ബാരേജിലെ ജലനിരപ്പ് 34.62 മീറ്ററായി ക്രമീകരിക്കുന്നതിനായി ഏതു സമയത്തും ഷട്ടറുകൾ 100 സെ.മി ഉയർത്തി ജലം പുറത്തു വിടേണ്ടി വന്നേക്കാമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു. കക്കാട്ടാറിൽ 50 സെ.മി. വരെ ജലനിരപ്പ് ഉയരാനിടയുണ്ടെന്നും കക്കാട്ടാറിന്റെയും, പമ്പയാറിന്റെയും തീരത്ത് താമസിക്കുന്നവരും മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും പൊതുജനങ്ങളും ജാഗ്രതാ പുലർത്തണമെന്നും കളക്ടർ പറഞ്ഞു.

✪✪✪

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ പാവനാത്മാ പ്രോവിൻസ് അംഗവും കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ പ്രധാനിയുമായ പുണ്യശ്ലോകൻ ഫാദർ ആർമണ്ട് മാധവത്തച്ചന്റെ ദൈവദാസ പദവി പ്രഖ്യാപനം ഇന്ന് കണ്ണൂർ ഇരിട്ടിയിൽ നടത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

........വോയ്സ്..........

✪✪✪

പാരിസ് ഒളിമ്പിക്സിലെ ഇന്ത്യയുടെ തയ്യാറെടുപ്പുകൾ വിലയിരുത്താൻ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതലയോഗം ചേർന്നു. അത്-ലറ്റുകൾക്ക് സമഗ്ര പിന്തുണ ഉറപ്പാക്കുന്നതിന് പ്രത്യേക ഏകോപന സംഘം രൂപീകരിച്ചു. മത്സരങ്ങളിലുടനീളം അത്-ലറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഈ സംഘം പരിഹാരം കാണും.

48 വനിതാ താരങ്ങളുൾപ്പെടെ 118 അത്-ലറ്റുകളാണ് 16 വിഭാഗങ്ങളിലായി പാരിസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ഇതിൽ 26 പേർ ഖേലോ-ഇന്ത്യ അത്‌ലറ്റുകളും 72 പേർ ഒളിമ്പിക്സിലേക്ക് ആദ്യമായി യോഗ്യത നേടുന്നവരുമാണ്.

✪✪✪

ഇന്ത്യ - സിംബാബ്‌വെ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മൽസരം ഇന്ന്. വൈകീട്ട് സിംബാബ്-വെയിലെ

ഹരാരെയിലാണ് മൽസരം. അഞ്ച് മൽസരങ്ങളടങ്ങിയ പരമ്പരയിൽ രണ്ട് മൽസരങ്ങളിൽ ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്.

പരമ്പരയിലെ അവസാന മത്സരം നാളെ നടക്കും.

✪✪✪

തുറവൂർ അരൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് എലിവേറ്റഡ് ഹൈവേയുടെ പടിഞ്ഞാറുഭാഗത്തെ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനു നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

അവധി ദിവസങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪